**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.429** | **15.11.2019-ൽ മറുപടിയ്ക്ക്** |
|---|---|
| **അമൃത് പദ്ധതി** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.റ്റി.വി.രാജേഷ്**<br>**,, കെ. ദാസൻ**<br>**,, കെ. ആൻസലൻ**<br>**,, ബി.ഡി. ദേവസ്സി** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | പ്രധാന നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അമൃത് പദ്ധതി ഏതൊക്കെ നഗരങ്ങളിലാണ് നടപ്പാക്കുന്നത്; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) & (ബി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കി വരുന്നത്.<br>ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്), പാർക്ക് ആന്റ് ഓപ്പൺ സ്പെയിസ് എന്നീ അഞ്ച് മേഖലകളിലായാണ് (സെക്ടറുകൾ) പദ്ധതി നടപ്പിലാക്കുന്നത്.<br><br><u>പദ്ധതി പുരോഗതി ചുവടെ ചേർക്കുന്നു.</u><br><br>• ആകെ പദ്ധതികൾ - 1023<br>• ആകെ തുക – 2357.66 കോടി രൂപ<br>• ഭരണാനുമതി ലഭിച്ച പദ്ധതികൾ - 1023<br>• ഭരണാനുമതി നൽകിയ തുക – 2248.82 കോടി രൂപ<br>• സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ - 1018<br>• സാങ്കേതികാനുമതി ലഭിച്ച തുക - 2127.75 കോടി രൂപ<br>• ടെന്റർ ചെയ്ത പദ്ധതികൾ - 1017<br>• ടെന്റർ തുക – 2115.92 കോടി രൂപ<br>• വർക്ക് അവാർഡ് ചെയ്ത പദ്ധതികൾ - 951<br>• അവാർഡ് ചെയ്ത പദ്ധതി തുക – 1609.23 കോടി രൂപ<br>• നിർവ്വഹണം പൂർത്തിയാക്കിയ പദ്ധതികൾ - 298<br>• നാളിതുവരെ ചെലവഴിച്ച തുക – 577.71 കോടി രൂപ |
| (ബി) | എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്; | | |
| (സി) | ഈ പദ്ധതിയിലെ സംസ്ഥാനത്തിന്റെ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര | (സി) | അമൃത് പദ്ധതിയുടെ ഭാഗമായി 11 നഗര ഭരണ പരിഷ്ക്കരണങ്ങൾക്കായുള്ള 54 നാഴികക്കല്ലുകൾ 2015-20 കാലയളവിൽ കൈവരിക്കേണ്ടതായുണ്ട്. കഴിഞ്ഞ നാല് |

<table>
<tr>
<td></td>
<td>സർക്കാരിന്റെ ഇൻസെന്റീവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലയിലെന്ന് അറിയിക്കാമോ;</td>
<td></td>
<td>വർഷമായി സംസ്ഥാനത്തിന് നഗരപരിഷ്ക്കരണങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കിയതിന് പ്രോത്സാഹന തുക തുടർച്ചയായി ലഭിച്ചിട്ടുണ്ട്. നാല്പ വർഷങ്ങളിലായി ആകെ 59.52 കോടി രൂപ സംസ്ഥാനത്തിന് ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>എറണാകുളം, തിരുവനന്തപുരം നഗരസഭകൾക്കായുള്ള സ്മാർട് സിറ്റി പദ്ധതിയെക്കുറിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചും അറിയിക്കാമോ?</td>
<td>(ഡി)</td>
<td><u>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി</u><br><br>കൊച്ചി കോർപ്പറേഷനിലെ 8 വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ട് പ്രോജക്ടുകൾ കൊച്ചി കോർപ്പേറേഷന്റെ മൊത്തം ഏര്യയയിലും വരുന്നുണ്ട്.940 കോടി രൂപയുടെ 42 പദ്ധതികളാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ നടപ്പിലാക്കുന്നത്. പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>വിശദാംശങ്ങൾ</th><th>പദ്ധതികളുടെ എണ്ണം</th><th>തുക (കോടി)</th></tr>
<tr><td>1</td><td>നിർമ്മാണം ആരംഭിച്ച/ അവാർഡ് ചെയ്ത പദ്ധതികൾ</td><td>17+1 (PPP)</td><td>592</td></tr>
<tr><td>2</td><td>കൊച്ചി കോർപ്പറേഷൻ-ഭവന നിർമ്മാണ പദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നത്</td><td>2</td><td>34</td></tr>
<tr><td>3</td><td>ടെൻഡർ നടപടികൾ പുരോഗമിക്കുന്നതും /നവംബറിൽ ടെൻഡർ നടപടികൾ ആരംഭിക്കുന്നതുമായ പദ്ധതികൾ</td><td>16</td><td>104</td></tr>
<tr><td>4</td><td>ഡിസംബറിൽ ടെണ്ടർ ചെയ്യുന്ന പദ്ധതികൾ</td><td>6</td><td>210</td></tr>
<tr><td colspan="2">ആകെ</td><td>42</td><td>940</td></tr>
</table>
<br><u>തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി</u><br><br>1538 കോടി രൂപയുടെ 43 പ്രധാന പദ്ധതികളാണ് (Module) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.</td>
</tr>
</table>

| ക്രമ നം | വിശദവിവരങ്ങൾ | ആകെ പ്രോജക്റ്റുകൾ (ഉപ പദ്ധതികൾ ഉൾപ്പെടെ) | തുക |
|---|---|---|---|
| 1 | ഭരണാനുമതി ലഭിച്ച പ്രോജക്റ്റുകൾ | 24 | 512.11 കോടി |
| 2 | അതിൽ സാങ്കേതികാനുമതി ലഭിച്ച പ്രോജക്റ്റുകൾ | 17 | 92.06 കോടി |
| 3 | അതിൽ ടെൻഡർ ചെയ്ത പ്രോജക്റ്റുകൾ | 10 | 30.95 കോടി |
| 4 | അതിൽ വർക്ക് അവാർഡ് ചെയ്ത പ്രോജക്റ്റുകൾ | 7 | 5.94 കോടി |

സെക്ഷൻ ഓഫീസർ